"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്- എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited) -ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി ഉപാധികളോടെ ഗ്രൗണ്ട് റെന്റ് വ്യവസ്ഥയിൽ അനുവദിച്ച 13.05 ഏക്കർ പട്ടയഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) ഈട് വയ്ക്കുന്നതിനും, 2 ഏക്കർ ഭൂമി നിബന്ധനകൾക്ക് വിധേയമായി ഭാരതി എയർടെൽ ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നതിനും KEL -ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എ) വകുപ്പ്**

G.O.(Ms)No.124/2026/RD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം:-

1. 01.03.2025 ന് KEL, മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ.
2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 23/04/2025, 04/06/2025 തീയതികളിലെ LR/3616/2025-LR(J7) നമ്പർ കത്ത്.

**ഉത്തരവ്**

പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡിന് കമ്പനി പ്രവർത്തിപ്പിക്കുന്നതിനു നൽകിയ 13.05 ഏക്കർ പട്ടയ ഭൂമിയിൽ നിന്നും KEL നിലവിൽ നേരിടുന്ന പ്രതിസന്ധി മറികടക്കുന്നതിനായി കമ്പനിയുടെ മാമല യൂണിറ്റിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) പണയം വയ്ക്കുന്നതിനും, 2 ഏക്കർ ഭൂമി ഭാരതി എയർടെൽ ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നതിനുമുള്ള അനുമതിക്കായി കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2. എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala

Electrical Allied Engineering Company Limited) എന്ന കമ്പനിയ്ക്ക് കുന്നത്തുനാട് തഹസിൽദാരുടെ 23.12.1968 ലെ 1/68 നം. കണ്ടീഷണൽ പട്ട പ്രകാരം 13 ഏക്കർ 05 സെന്റ് (05.28 ഹെക്ടർ) ഭൂമിയ്ക്ക് പട്ടയം നൽകുകയുണ്ടായി. KELന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടിയാണ് 1968-ൽ പട്ടയം നൽകിയിരുന്നത്. ടി ഭൂമി ലാൻഡ് അക്വിസിഷൻ പ്രകാരം ഏറ്റെടുത്തു KELനു കൈമാറിയിട്ടുള്ളതാണ്. ന്യായ വില രജിസ്റ്റർ പ്രകാരം ഭൂമിയുടെ ന്യായവില ആർ ഒന്നിന് 7,92,000/- രൂപയാണെന്നും, ഭൂമി മറ്റ് സ്ഥാപനങ്ങൾക്ക് ലീസിനു നൽകുന്നതും, പണയം വയ്ക്കുന്നതും പട്ടയത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്നും, അപേക്ഷയിലെ ആവശ്യം പട്ടയത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാലും, സ്ഥാപനത്തിന് അനുവദിച്ച പട്ടയത്തിൽ പട്ടയഭൂമി അനുവദിച്ചിട്ടുള്ള ആവശ്യത്തിനല്ലാതെ മറ്റെന്തെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കണമെങ്കിൽ ഗവൺമെന്റിന്റെ മുൻകൂർ അനുമതി ലഭ്യമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും, നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി സർക്കാരിന് ടി വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ, കുന്നത്തുനാട് താലൂക്കിൽ, തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited) -ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി ഉപാധികളോടെ ഗ്രൗണ്ട് റെന്റ് വ്യവസ്ഥയിൽ അനുവദിച്ച 13.05 ഏക്കർ ഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) ഈട് വയ്ക്കുന്നതിനും 2 ഏക്കർ ഭൂമി, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭാരതി എയർടെൽ ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നതിനും KEL -ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

<u>നിബന്ധനകൾ</u>

i) ഭൂമിയുടെ പാട്ടക്കാരൻ (ഭാരതി എയർടെൽ ലിമി.) ടി ഭൂമി ഉപപാട്ടത്തിനു/തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

ii) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ.

iii) ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iv) ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി

സംരക്ഷിക്കേണ്ടതാണ് .

vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ്.

vii) മൂന്നു വർഷത്തിലൊരിയ്ക്കൽ പാട്ടം പുതുക്കേണ്ടതാണ്.

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിച്ചാലും, പൊതുതാല്പര്യാർത്ഥം നിർദ്ദിഷ്ട ഭൂമി ആവശ്യത്തിനായി വന്നാലും നഷ്ട പരിഹാരം ഈടാക്കാതെ തന്നെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതായിരിക്കും.

4) ഇക്കാര്യത്തിൽ നിയമാനുസൃത തുടർനടപടികൾ എറണാകുളം ജില്ലാകളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M G RAJAMANICKAM

SECRETARY

1. ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

2. ജില്ലാ കളക്ടർ, എറണാകുളം.

3. മാനേജിംഗ് ഡയറക്ടർ, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്, മാമല പി.ഒ, തിരുവാങ്കുളം, കൊച്ചി-682305

4. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

5. ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

6. ധനകാര്യ വകുപ്പ് - (E-3217273/EXP-D3/134/2025-FIN, തീയതി-16/08/2025)

7. വ്യവസായ വകുപ്പ്- (ഡി1/1/2026/വ്യവ, തീയതി-14/01/2026)

8. നിയമ വകുപ്പ്(OPN-G2/43/2026-LAW, തീയതി-18/02/2026)

9. പൊതു ഭരണ(എസ്. സി) വകുപ്പ്(ഇനം നം. 3880, തീയതി- 10/03/2026)

7. കരുതൽ ഫയൽ (എ3/50/2025/റവ)

ഉത്തരവിൻ പ്രകാരം

Signed by
Prathapachandran S
Date: 12-03-2026 13:47:00

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-03-2026**

ഫയൽ നം. എ3/50/2025/റവ ഇനം നം: 3880

വിഷയം : റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited)-ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി അനുവദിച്ച 13.05 ഏക്കർ പട്ടയഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡിൽ (KSPIFC) പണയം വയ്ക്കുന്നതിനും, 2 ഏക്കർ ഭൂമി ഭാരതി എയർടെൽ ലിമിറ്റഡിന് നിബന്ധനകൾക്ക് വിധേയമായി ലീസിനു നൽകുന്നതിനും അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, റവന്യൂ വകുപ്പ്.

3880

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 3/50/2025/റവ. |
| 2 | വകുപ്പ് | : | റവന്യൂ (എ) വകുപ്പ് |
| 3. | വിഷയം | : | എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL ( Kerala Electrical Allied Engineering Company Limited) ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി അനുവദിച്ച 13.05 ഏക്കർ പട്ടയഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) പണയം വയ്ക്കുന്നതിനും, 2 ഏക്കർ ഭൂമി ഭാരതി എയർടെൽ ലിമിറ്റഡിന് നിബന്ധനകൾക്ക് വിധയമായി ലീസിനു നൽകുന്നതിനും അനുമതി നൽകുന്നത് - സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 02/03/2026 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | ഇല്ല. |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. വ്യവസായ വകുപ്പ് , നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീ.അനു.എസ്.നായർ. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.എം.ജി.രാജമാണിക്യം. |
| 9. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/03/2026. |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക്. |
| 11 | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/03/2026. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.കെ.രാജന്. |
| 13. | മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 09/03/2026. |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 09/03/2026. |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited) ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി അനുവദിച്ച 13.05 ഏക്കർ പട്ടയഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) പണയം വയ്ക്കുന്നതിനും, 2 ഏക്കർ ഭൂമി ഭാരതി എയർടെൽ ലിമിറ്റഡിന് നിബന്ധനകൾക്ക് വിധേയമായി ലീസിനു നൽകുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് ലിമിറ്റഡിന് കമ്പനി പ്രവർത്തിപ്പിക്കുന്നതിനു നൽകിയ 13.05 ഏക്കർ പട്ടയ ഭൂമിയിൽ നിന്നും KEL നിലവിൽ നേരിടുന്ന പ്രതിസന്ധി മറികടക്കുന്നതിനായി കമ്പനിയുടെ മാമല യൂണിറ്റിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) പണയം വയ്ക്കുന്നതിനും, 2 ഏക്കർ ഭൂമി ഭാരതി എയർടെൽ ലിമിറ്റഡിന് ലീസിനു നൽകുന്നതിനുമുള്ള അനുമതിക്കായി കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ അപേക്ഷ സമർപ്പിച്ചിരുന്നു.

3. എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited) എന്ന കമ്പനിയ്ക്ക് കുന്നത്തുനാട് തഹസിൽദാരുടെ 23.12.1968 ലെ 1/68 പ്രകാരം 13 ഏക്കർ 05 സെന്റ് (05.28 ഹെക്ടർ) ഭൂമിയ്ക്ക് പട്ടയം ലഭിച്ചിട്ടുണ്ട്. KEL ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടിയാണ് 1968-ൽ പട്ടയം നൽകിയിരുന്നത്. ടി ഭൂമി ലാൻഡ് അക്വിസിഷൻ പ്രകാരം ഏറ്റെടുത്തു KEL നു കൈമാറിയിട്ടുള്ളതാണ്. സ്ഥാപനത്തിന്റെ ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന 3.2 ഏക്കറിൽ തേക്ക്, ആഞ്ഞിലി, മഹാഗണി, അക്കേഷ്യ, മറ്റ് പാഴ്മരങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നതിനാൽ ആയത് വെട്ടിമാറ്റുന്നതിന് സോഷ്യൽ ഫോറസ്റ്ററി വകുപ്പിന്റെ അനുവാദത്തിനായി സ്ഥാപനം കത്ത് നൽകിയിട്ടുണ്ട്. ന്യായ വില രജിസ്റ്റർ പ്രകാരം ഭൂമിയുടെ ന്യായവില ആർ ഒന്നിന് 7,92,000/- രൂപയാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഭൂമി മറ്റ് സ്ഥാപനങ്ങൾക്ക് ലീസിനു നൽകുന്നതും, പണയം വയ്ക്കുന്നതും പട്ടയത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണെന്നും, അപേക്ഷയിലെ ആവശ്യം പട്ടയത്തിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമായതിനാലും, സ്ഥാപനത്തിന് അനുവദിച്ച പട്ടയത്തിൽ പട്ടയഭൂമി അനുവദിച്ചിട്ടുള്ള ആവശ്യത്തിനല്ലാതെ മറ്റെന്തെങ്കിലും ആവശ്യത്തിനായി ഉപയോഗിക്കണമെങ്കിൽ

ഗവൺമെന്റിന്റെ മുൻകൂർ അനുമതി ലഭ്യമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലും, നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി സർക്കാരിന് ടി വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

"സർക്കാരിന്റെ അനുമതി നേടിക്കൊണ്ട് കമ്പനിയ്ക്ക് ടി ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാം എന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിലും; ഭൂമിയുടെ ഒരു ഭാഗം ലോൺ സെക്യൂരിറ്റിയായി മാറ്റുന്നതിന് അനുമതി നൽകുകയാണെങ്കിൽ ലോൺ തിരിച്ചടവിലുള്ള കുടിശിഖ ഈടാക്കുന്നതിനായി KSPIFC നാഷണൽ ലാ ട്രൈബ്യൂണലിനെ സമീപിക്കുന്നതിനുള്ള അവസരം ഒഴിവാക്കാൻ കഴിയുമെന്നുള്ളതിനാലും; KEL നിലവിൽ നേരിടുന്ന പ്രതിസന്ധി മറികടക്കുന്നതിനായി കമ്പനിയുടെ മാമല യൂണിറ്റിൽ ഉപയോഗിക്കാതെ കിടക്കുന്ന 13.09 ഏക്കർ ഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി KSPIFC-യിൽ ലോൺ എടുത്ത വകയിൽ ജാമ്യം ഈടായി നൽകുന്നതിനുള്ള അനുമതി നൽകുന്നതിനും, ബാക്കി ഭൂമിയിൽ നിന്നും കമ്പനിക്ക് വരുമാനമുണ്ടാകുന്ന തരത്തിൽ 2 ഏക്കർ ഭൂമി വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ ലീസ് വ്യവസ്ഥയിൽ ഭാരതി എയർടെൽ ലിമിറ്റഡിന് ഡാറ്റാസെന്റർ രൂപീകരിക്കുന്നതിന് അനുമതി നൽകുന്നതിനും മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിൽ ധനവകുപ്പിന് വിയോജിപ്പില്ല എന്ന് അറിയിക്കുന്നു."

ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

5. എന്നാൽ സർക്കാർ ഭൂമി ഈട് നൽകുമ്പോൾ (ഇവിടെ 9.85 ഏക്കർ) ചുവടെപ്പറയുന്ന പ്രശ്നങ്ങൾ ഉണ്ടാകാം.

i) ഒരു ധനകാര്യ സ്ഥാപനവും ഈട് നൽകുന്ന ഭൂമിയുടെ കമ്പോള വില പൂർണമായും ഈടായി കണക്കാക്കില്ല (പരമാവധി 75-80% വരെയുള്ള ഭൂമിവിലയെ അവർ കണക്കിലെടുക്കുകയുള്ളു).

ii) ഏതെങ്കിലും കാരണവശാൽ ഈട് നൽകുന്ന ഭൂമി നഷ്ടപെടുകയും തത്തുല്യമായ ഭൂമി സർക്കാരിന്റെ ആവശ്യങ്ങൾക്കായി ഏറ്റെടുക്കുകയും ചെയ്യേണ്ടി വരികയാണെങ്കിൽ കമ്പോള വിലയുടെ ഇരട്ടിയിലധികം തുക ചിലവിടേണ്ടതായും വരും.

iii) സർക്കാർ ഭൂമിയുടെ ലഭ്യത കുറഞ്ഞുവരികയും വികസന ആവശ്യങ്ങൾക്ക് ഭൂമി കൂടുതലായി ആവശ്യം വരികയും ചെയ്യുന്നതിനാൽ സർക്കാർ ഭൂമി പണയം വയ്ക്കാൻ അനുമതി നൽകുന്നത് പൊതു താല്പര്യത്തിന് അനുസൃതമല്ലായെന്നും പരിഗണിക്കേണ്ടതുണ്ട്.

iv) സർക്കാർ ഭൂമി പണയപ്പെടുത്തുവാൻ അനുമതി നൽകിയാൽ ഇതൊരു കീഴ് വഴക്കമായി കണ്ട് നിരവധി അർദ്ധ സർക്കാർ പൊതു മേഖല സ്ഥാപനങ്ങൾ ഈ ആവശ്യവുമായി രംഗത്ത് വരാനും സാധ്യതയുണ്ട്.

6. എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited) ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി അനുവദിച്ച 13.05 ഏക്കർ ഭൂമിയിൽ നിന്നും 9.85 ഏക്കർ പട്ടയഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) പണയം വയ്ക്കുന്നതിനും, 2 ഏക്കർ ഭൂമി ഭാരതി എയർടെൽ ലിമിറ്റഡിന് ലീസിനു നൽകുന്നതിനും അനുമതി നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിയ്ക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിരുന്നു.

7. ഈ വിഷയത്തിൽ വ്യവസായ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"പൊതുമേഖലാസ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) പ്രവർത്തനത്തിനുള്ള മൂലധനമായി വിവിധ ഘട്ടങ്ങളിലായി പൊതുമേഖലാ ബാങ്കിംഗ് സ്ഥാപനമായ കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻഷ്യൽ കോർപ്പറേഷനിൽ (KSPIFC) നിന്നും 32.75 കോടി വായപയെടുത്തിരുന്നതും അതിൽ 18.9 കോടി രൂപ തിരിച്ചടച്ചിരുന്നതുമാണ്. നിലവിൽ KEL നേരിടുന്ന താത്ക്കാലിക സാമ്പത്തിക പ്രതിസന്ധിയിൽ വായ്പ തിരിച്ചടവിൽ മുടക്കം ഉണ്ടായതിനെ തുടർന്ന് വായ്പയായി ബാക്കി നിൽക്കുന്ന തുകയ്ക്ക് ആനുപാതികമായി സെക്യൂരിറ്റി നൽകണമെന്ന് KSPIFC ആവശ്യപ്പെടുകയുണ്ടായി. KEL-ന്റെ മാമല യൂണിറ്റിൽ നിലവിലുള്ള ഉപയോഗിക്കാതെയുള്ള ഭൂമിയുടെ ഒരു ഭാഗം ലോൺ സെക്യൂരിറ്റിയായി മാറ്റുന്നതിന് അനുമതി നൽകണമെന്നും ആയത് പ്രകാരം ലോൺ തിരിച്ചടവിലുള്ള കുടിശ്ശിക ഈടാക്കുന്നതിനായി KSPIFC നാഷണൽ ലാ ട്രിബ്യൂണലിനെ സമീപിക്കുന്നതിനുള്ള അവസരം ഒഴിവാക്കാൻ കഴിയുമെന്നും കെൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാമല യൂണിറ്റിൽ നിലവിലുള്ള 13.09 ഏക്കർ ഭൂമിയിൽ 9.85 ഏക്കർ ഭൂമി വായ്പാതിരിച്ചടവിലൂടെ ജാമ്യമായി നൽകുന്നതിനും ബാക്കി 3.24 ഏക്കർ ഭൂമിയിൽ 2 ഏക്കർ ഭൂമി കമ്പനിയ്ക്ക് സ്ഥിരവരുമാനം ലഭിക്കുന്ന തരത്തിൽ ലീസ് വ്യവസ്ഥയിൽ ഭാരതി

എയർടെൽ ലിമിറ്റഡിന് ഡാറ്റാസെന്റർ നിർമ്മിച്ച് പരിപാലിക്കുന്നതിന്, വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിനും വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്നു. "

8. ഈ വിഷയത്തിൽ നിയമ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു "എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL ( Kerala Electrical Allied Engineering Company Limited) എന്ന കമ്പനിയ്ക്ക് കുന്നത്തുനാട് തഹസിൽദാരുടെ 23.12.1968 ലെ 1/68 പ്രകാരം 13 ഏക്കർ 05 സെന്റ് (05.28 ഹെക്ടർ) ഭൂമിയ്ക്ക് പട്ടയം ലഭിച്ചിട്ടുള്ളതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. പട്ടയ ഫയൽ കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ കുന്നത്തുനാട് തഹസിൽദാരുടെ 23.12.1968 ലെ 1/68 പ്രകാരം 13 ഏക്കർ 05 സെന്റ് (05.28 ഹെക്ടർ) ഭൂമിയ്ക്ക് പട്ടയം നൽകിയത് ഏതു നിയമ പ്രകാരമാണ് എന്നത് വ്യക്തമല്ല. ആയതിനാൽ നിലവിൽ എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL ( Kerala Electrical Allied Engineering Company Limited) എന്ന കമ്പനിയ്ക്ക് നൽകിയ Conditional Patta യുടെ അടിസ്ഥാനത്തിൽ മാത്രമേ നിയമപരിശോധന നടത്തുവാൻ സാധിക്കുകയുള്ളൂ. ടി പട്ടയത്തിൽ Mortgage/sub lease പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടില്ല. **എന്നാൽ കമ്പനി മറ്റ് ആവശ്യങ്ങൾക്ക് ഭൂമി ഉപയോഗിക്കുന്നതിന് സർക്കാരിന് മുൻകൂർ അനുമതിയ്ക്കു വിധേയമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.** ആയതിനാൽ എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited) ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി അനുവദിച്ച 13.05 ഏക്കർ ഭൂമിയിൽ നിന്നും 9.85 ഏക്കർ പട്ടയഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) പണയം വയ്ക്കുന്നതിനും, 2 ഏക്കർ ഭൂമി ഭാരതി എയർടെൽ ലിമിറ്റഡിന് ലീസിനു നൽകുന്നതിനുമുള്ള അനുമതി നൽകുവാൻ ഭരണവകുപ്പ് ഉദ്ദേശിക്കുന്ന പക്ഷം 23.12.1968 തീയതിയിലെ 1/68 ലെ Conditional Patta യിലെ ഖണ്ഡിക (സി) പ്രകാരമുള്ള നടപടി മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്നതാണ് എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു ".

9. ഉപാധികളോടുള്ള പട്ടയമാണ് KEL ന് നൽകിയിട്ടുള്ളത്. അതിലെ വ്യവസ്ഥ (b) പ്രകാരം ഗ്രൗണ്ട് റെന്റ് അടവാക്കണം എന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. അതായത് പൂർണമായ പട്ടയമായി ഇതിനെ കണക്കാക്കാൻ കഴിയില്ല. മാത്രമല്ല ഗ്രൗണ്ട് റെന്റ് എന്നത് ഒരു

തരത്തിലുള്ള പാട്ടമാണ്. സർക്കാർ ഭൂമി ഈട് നല്കാൻ അനുമതി നല്കുന്നത് തെറ്റായ കീഴ്വഴക്കമായി മാറും. ഈട് നൽകാൻ ഉദ്ദേശിക്കുന്ന ഭൂമി അന്യാധീനപെടില്ല എന്നത് ഉറപ്പിക്കാനുള്ള നടപടികൾ സംബന്ധിച്ച് യാതൊരു വിവരണവും KEL, വ്യവസായ വകുപ്പ്, ധന വകുപ്പ് എന്നിവർ നൽകിയിട്ടില്ല. സർക്കാർ ഭൂമി ഈട് നൽകുകയെന്നത് ഭൂമിയുടെ ഉപയോഗക്രമത്തിലെ മാറ്റമല്ല. ആയത് താത്കാലികമായി (വായ്പ തിരിച്ചടക്കുന്നത് വരെ) ഭൂമിയുടെ ഉടമസ്ഥത പണയം വയ്ക്കുന്നതാണ്. അതിനെ "വ്യവസ്ഥ സി" യിൽ ഉൾപ്പെടുത്താൻ കഴിയില്ല. ആയതിനാൽ സർക്കാർ സവിശേഷമായി അനുവദിച്ചാൽ മാത്രമേ ടി ഭൂമി ഈട് നല്കാൻ കഴിയൂ.

10. ഇക്കാര്യം 02/03/2026-ന് ചേർന്ന മന്ത്രിസഭായോഗം ഇനം. നം.3780 ആയി പരിഗണിയ്ക്കുകയും വിശദമായി പരിശോധിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടു വരാൻ തീരുമാനിച്ചിരുന്നതുമാണ്. അതനുസരിച്ച്, കെല്ലിനു പട്ടയം നൽകിയ ഭൂമി അന്യധീനപ്പെടാതിരിക്കാനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനായി ബഹു.റവന്യൂ വകുപ്പ് മന്ത്രി ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അഭിപ്രായം ആരായുകയുണ്ടായി.

11. ബഹു.വ്യവസായ വകുപ്പ് മന്ത്രി പ്രസ്തുത വിഷയത്തിൽ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

സർക്കാർ ഉടമസ്ഥതയിലുള്ള പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻസ് കോർപ്പറേഷനാണ് വായ്പ്പക്കായി ഭൂമി ഈട് നൽകുന്നത്. പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL) പ്രവർത്തനത്തിനുള്ള മൂലധനമായി വിവിധ ഘട്ടങ്ങളിലായി പൊതുമേഖലാ ബാങ്കിംഗ് സ്ഥാപനമായ കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ച്ചർ ഫിനാൻഷ്യൽ കോർപ്പറേഷനിൽ (KSPIFC) നിന്നും 32.75 കോടി വായ്പയെടുത്തിരുന്നതും അതിൽ 18.9 കോടി രൂപ തിരിച്ചടച്ചിരുന്നതുമാണ്. നിലവിൽ KEL നേരിടുന്ന താത്ക്കാലിക സാമ്പത്തിക പ്രതിസന്ധിയിൽ വായ്പ തിരിച്ചടവിൽ മുടക്കം ഉണ്ടായതിനെ തുടർന്ന് വായ്പയായി ബാക്കി നിൽക്കുന്ന തുകയ്ക്ക് ആനുപാതികമായി സെക്യൂരിറ്റി നൽകണമെന്ന KSPIFC-യുടെ ആവശ്യ പ്രകാരമാണ് KEL-ന്റെ മാമല യൂണിറ്റിൽ നിലവിലുള്ള ഉപയോഗിക്കാതെയുള്ള ഭൂമിയുടെ ഒരു ഭാഗം ലോൺ സെക്യൂരിറ്റിയായി മാറ്റുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളത്. മാമല യൂണിറ്റിൽ നിലവിലുള്ള 13.09 ഏക്കർ ഭൂമിയിൽ 9.85 ഏക്കർ ഭൂമി വായ്പാതിരിച്ചടവിലൂടെ ജാമ്യമായി നൽകുന്നതിനും ബാക്കി 3.24 ഏക്കർ ഭൂമിയിൽ 2 ഏക്കർ ഭൂമി കമ്പനിയ്ക്ക് സ്ഥിരവരുമാനം ലഭിക്കുന്ന തരത്തിൽ ലീസ് വ്യവസ്ഥയിൽ ഭാരതി എയർടെൽ ലിമിറ്റഡിന് ഡാറ്റാസെന്റർ നിർമ്മിച്ച്

പരിപാലിക്കുന്നതിന്, വ്യക്തമായ കരാറിന്റെ അടിസ്ഥാനത്തിൽ അനുമതി നൽകുന്നതിനുമാണ് ബോർഡ് തീരുമാനിച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച പ്രകാരം കമ്പനിയ്ക്ക് ലീസ് പ്രീമിയത്തിലൂടെ സ്ഥിര വരുമാനം ലഭിക്കുന്ന സംവിധാനം ഉറപ്പുവരുത്തിയിട്ടുള്ളതിനാൽ KSPIFC യുടെ വായ്പ തിരിച്ചടച്ച് കൃത്യമായി പാലിക്കുന്നതിന് കഴിയുന്നതാണ്. സ്ഥലം Mortgage ചെയ്യുകയെന്നത് വായ്പ തിരിച്ചടക്കാത്ത സാഹചര്യത്തിൽ കടം കൊടുത്ത സ്ഥാപനത്തിന് ഭൂമി പിടിച്ചെടുക്കുന്നതിനും വിൽക്കുന്നതിനും അധികാരപ്പെടുത്തണമെന്നതാണ്. അന്യാധീനപ്പെടില്ലെന്ന വ്യവസ്ഥയിൽ ഒരു ഗ്യാരന്റിയും ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകുവാൻ കഴിയില്ലായെന്നത് അടിസ്ഥാന തത്വമാണ്. KEL-എന്ന പൊതുമേഖലാ സ്ഥാപനത്തിന് വായ്പയെടുത്ത വകയിൽ സെക്യൂരിറ്റിയായി ഭൂമി നൽകുന്ന സ്ഥാപനമായ KSPIFC സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. സർക്കാർ നിയന്ത്രണത്തിലുള്ള രണ്ട് സ്ഥാപനങ്ങൾ തമ്മിൽ കൃത്യമായ കരാർ വഴിയുള്ള ഇടപാടുകളിൽ ഭൂമി അന്യാധീനപ്പെടുമെന്ന ആശങ്ക അസ്ഥാനത്താണ്. KEL-ന് നൽകിയ വായ്പക്ക് ഭൂമി ഈട് നൽകണമെന്ന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ KSPIFC യുടെ ആവശ്യം പിൻവലിക്കുകയാണെങ്കിൽ ഭൂമി അന്യാധീനമാകുമെന്ന ആശങ്കകൾ പൂർണ്ണമായും ഒഴിവാക്കാവുന്നതുമാണ്. മേൽ സാഹചര്യത്തിൽ മന്ത്രിസഭാ കുറിപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ പാട്ടത്തിനും ഗ്യാരണ്ടിക്കും നൽകുന്ന KEL-ന്റെ ഭൂമി സംരക്ഷിക്കുന്നതിന് മതിയാകുന്നതാണ്. ആയത് അംഗീകരിച്ചുകൊണ്ട് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

12) എന്നാൽ ഊർജ്ജ വകുപ്പിന്റെ അഭിപ്രായം ഈ കുറിപ്പിൽ ചേർത്തിട്ടില്ല.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

1) എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited) -ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി ഉപാധികളോടെ ഗ്രൗണ്ട് റെന്റ് വ്യവസ്ഥയിൽ അനുവദിച്ച 13.05 ഏക്കർ പട്ടയഭൂമിയിൽ നിന്നും 9.85 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് പവർ & ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപറേഷൻ ലിമിറ്റഡിൽ (KSPIFC) ഈട് വയ്ക്കാൻ KEL -ന് അനുവാദം നൽകാമോ ?

2) എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ തിരുവാണിയൂർ വില്ലേജിൽ KEL (Kerala Electrical Allied Engineering Company Limited) -ന് കമ്പനി പ്രവർത്തിക്കുന്നതിന് വേണ്ടി

ഉപാധികളോടെ ഗ്രൗണ്ട് റെന്റ് വ്യവസ്ഥയിൽ അനുവദിച്ച 13.05 ഏക്കർ പട്ടയഭൂമിയിൽ നിന്നും 2 ഏക്കർ ഭൂമി, ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഭാരതി എയർടെൽ ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നതിന് KEL -ന് അനുമതി നൽകാമോ ?

**നിബന്ധനകൾ**

I) ഭൂമി ഉപപാട്ടത്തിനു/തറവാടകയ്ക്ക് നല്കുവാൻ പാടില്ല.

ii)ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമെ ഉപയോഗിക്കാവൂ.

iii)ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

iv) ഭൂമി അനുവദിച്ച ഒരു വർഷത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

v) ഭൂമി എല്ലാതരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ ചുറ്റുമതിൽ കെട്ടി സംരക്ഷിക്കേണ്ടതാണ് .

vi) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടില്ല . അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുമതി വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ . കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടു വളർത്തി പരിപാലിക്കേണ്ടതാണ്.

vii) മൂന്നു വർഷത്തിലൊരിക്കൽ പാട്ടം പുതുക്കേണ്ടതാണ്.

viii) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിച്ചാലും പൊതുതാല്പര്യാർത്ഥം നിർദ്ദിഷ്ട ഭൂമി ആവശ്യത്തിനായി വന്നാലും നഷ്ട പരിഹാരം ഈടാക്കാതെ തന്നെ ഭൂമി സർക്കാർ ഏറ്റെടുക്കുന്നതായിരിക്കും.